(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജല വിനോദ യാത്രകൾ

337(1038) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവിനോദയാത്രകൾ പലതും സുരക്ഷാ നിയമങ്ങൾ പാലിച്ചുകൊണ്ടല്ല നടത്തുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൾനാടൻ ജലയാന നിയമവും ഇറമുഖ വകുപ്പിന്റെ നിയമങ്ങളും അനുസരിക്കാതെയാണ് കോവളം, നെയ്യാർ, വേളി, ആക്കുളം, പൂവാർ, മേഖലകളിലെല്ലാം വിനോദ സഞ്ചാരം നടത്തുന്നതെന്ന പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(സി) തേക്കടി ബോട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നടപ്പിലാക്കിയ സുരക്ഷാ സംവിധാനങ്ങൾ ഫലമില്ലാത്തതും പരസ്യമായി ലംഘിക്കുന്നതുമാണെന്ന ആക്ഷേപം ഗൗരവമായി പരിഗണിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അനധികൃത ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'ഉൾനാടൻ ജലയാന ചട്ടങ്ങൾ 2010' (KIV Rules 2010) 15-9-2010-ൽ നിലവിൽവന്നു. ഈ ചട്ടങ്ങളുടെ നിർവ്വഹണ അധികാരിയായി ഇറമുഖ വകുപ്പിനെയും ഇറമുഖ ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലയാനങ്ങളുടെ സുരക്ഷാ പരിശോധനകൾ, രജിസ്ട്രേഷൻ, വാർഷിക സർവ്വേ എന്നിവയ്ക്കായി 6 കേന്ദ്രങ്ങൾ സജ്ജമാക്കി. ജലയാനങ്ങളിലെ ജീവനക്കാർക്ക് പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മാരിടൈം ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുകയും ഈ സെന്ററുകൾ വഴി ഏകദേശം 10000-ത്തോളം ജീവനക്കാർക്ക് സുരക്ഷാ പരിശീലനം നൽകുകയും ചെയ്തു. ജലയാനങ്ങളുടെ സുരക്ഷാ പരിശോധന നടത്തുന്നതിനായി ചീഫ് സർവ്വേയർ, സർവ്വേയർമാർ എന്നിവരെ നിയമിക്കുകയും അവരുടെ മേൽനോട്ടത്തിൽ കൃത്യമായ സുരക്ഷാ പരിശോധനകളും സർവ്വേകളും നടത്തിവരികയും ചെയ്യുന്നു. സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരുത്തുന്നതായി കണ്ടെത്തുന്ന ജലയാനങ്ങളുടെ സഞ്ചാര യോഗ്യതാ സർട്ടിഫിക്കറ്റ് മരവിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്യുവരുന്നു.

അഷ്ടമുടിക്കായൽ ടൂറിസം

338(1039) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായൽ ടൂറിസം സംബന്ധിച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നല്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നതെന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ-ഡി) അഷ്ടമുടിക്കായൽ ടൂറിസം വികസന പദ്ധതിയുടെ കരട് രൂപരേഖ തയ്യാറായിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. അന്തിമ മാസ്റ്റർപ്ലാൻ തയ്യാറാക്കിയ ശേഷമേ ഇതിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

2015-ലെ ഓണാഘോഷ പരിപാടി

339(1040) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ ഓണാഘോഷ പരിപാടികൾക്കായി അനുവദിച്ച മൊത്തം തുക എത്രയായിരുന്നു;

(ബി) തിരുവനന്തപുരത്തെ ഓണാഘോഷ പരിപാടികൾക്കുണ്ടായ മൊത്തം ചെലവും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; സർക്കാർ നല്കിയ തുക എത്ര; മറ്റിനങ്ങളിൽ ലഭിച്ച വരുമാനം എത്ര; ഏതെല്ലാം ഇനങ്ങളിൽ എത്ര വീതം വരുമാനം ലഭിച്ചിട്ടുണ്ട്;

(സി) ഓണാഘോഷ പരിപാടിയുടെ ആഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്ക് ആഘോഷ കമ്മിറ്റി വിളിച്ചുചേർത്ത് അവതരിപ്പിച്ചിട്ടുണ്ടോ; പരിപാടിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;